**കേരള സർക്കാർ**

ധനകാര്യ (**നോഡൽ സെന്റർ-ബി**) വകുപ്പ്,

**സർക്കുലർ**

നം.**55**/2016/ധന തിരുവനന്തപുരം, 22.06.2016.

വിഷയം :- ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്- എം.എൽ.എ മാരുടെ ശുപാർശകൾ ഓൺലൈൻ പോർട്ടലിലൂടെ കൈകാര്യം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- സ.ഉ(പി) നം. 257/2015/ധന തീയതി 26.6.2015.

നിയോജക മണ്ഡല ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട ഫയലുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിനായി ധനകാര്യ വകുപ്പ് NIC യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുള്ള web അധിഷ്ഠിത ഓൺലൈൻ പോർട്ടലിൽ (http://ads.kerala.gov.in) ഫയലുകൾ കൈകാര്യ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു. എം.എൽ.എ മാർ, അവരുടെ ശുപാർശകൾ ധനകാര്യ വകുപ്പിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ് എന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ ധനകാര്യ വകുപ്പ് പരിശോധിച്ച ശേഷം ഓൺലൈൻ പോർട്ടൽ മുഖേന ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് അയയ്ക്കുകയും ആയത് വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് സഹിതം ഓൺലൈൻ പോർട്ടലിലൂടെ തന്നെ ധനകാര്യ വകുപ്പിന് തിരികെ നൽകണമെന്നും ധനാനുമതി നൽകുന്നതും തുടർന്നുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതും ഓൺലൈൻ പോർട്ടലുപയോഗിച്ച് തന്നെയാകണമെന്നും ഉത്തരവായിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ web അധിഷ്ഠിത ഓൺലൈൻ പോർട്ടൽ ഉപയോഗിച്ച് ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നത് കൂടുതൽ സുഗമമാക്കുന്നതിനായി ബഹു. MLA മാർ ശുപാർശകൾ ധനകാര്യ വകുപ്പിൽ തന്നെ സമർപ്പിക്കേണ്ടതാണ്. കൂടാതെ, ഭരണ വകുപ്പുകൾ

ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പ്രസ്തുത പോർട്ടൽ ഉപയോഗിച്ച് മാത്രം കൈകാര്യം ചെയ്യേണ്ടതാണ് എന്നും നിർദ്ദേശം നൽകുന്നു. e-office, physical file എന്നിവ മുഖാന്തിരം അയയ്ക്കുന്ന ഫയലുകൾ ധന വകുപ്പിൽ സ്വീകരിക്കുന്നതല്ല.

**കെ.എം. എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം)**

1. എല്ലാ എംഎൽഎ മാർക്കും
2. എല്ലാ വകുപ്പ സെക്രട്ടറിമാർക്കും
3. ധനാകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. ധനാകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി.
5. നോഡൽ ഓഫീസർ(ധനകാര്യം) www.finance.kerala.gov.in
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**